പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3

09-06-2014 ൽ മറുപടിയ്ക്ക്

## സുതാര്യകേരളം ജില്ലാതല സെല്ലുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്ജ്<br>ഡോ. എൻ. ജയരാജ് | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) 'സുതാര്യകേരളം' ജില്ലാതല സെല്ലുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ) മികച്ച അടിസ്ഥാന സൗകര്യങ്ങളോടും കോ-ഓർഡിനേറ്റർ, ടൈപ്പിസ്റ്റ്, മെസഞ്ചർ എന്നിങ്ങനെ മൂന്നു ജീവനക്കാരുമായാണ് ജില്ലാതല സുതാര്യകേരളം സെല്ലുകൾ പ്രവർത്തിക്കുന്നത്. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ആവിഷ്ക്കരിച്ചിരിക്കുന്ന ജില്ലാതല സുതാര്യകേരളം അദാലത്താണ് പുതിയ പദ്ധതി. ഇതിനുവേണ്ട മാർഗരേഖ 25-2-14 ലെ സ.ഉ. (സാധാ) നം. 64/14/ഐ&പി.ആർ ആയി പുറപ്പെടുവിച്ചിട്ടുണ്ട്. ഉടൻതന്നെ സംഘടിപ്പിക്കുന്ന ജില്ലാതല സുതാര്യകേരളം അദാലത്തുകളുടെ അനുഭവവെളിച്ചത്തിൽ ആവശ്യമെങ്കിൽ ജീവനക്കാരുടെ ഘടനയിൽ മാറ്റം വരുത്തുന്നതായിരിക്കും. |
| ബി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത സെല്ലുകളുടെ സേവനം ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) കേരളത്തിലെ 14 ജില്ലകളിലെയും കളക്ടറേറ്റുകളിൽ ജില്ലാ തല സുതാര്യകേരളം സെല്ലുകളുടെ സേവനം ലഭ്യമാണ്. |
| സി) പ്രസ്തുത സെല്ലുകൾ മുഖാന്തിരം പൊതുജനങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്; | സി) ഉദ്യോഗസ്ഥരുടെ അനാസ്ഥയോ അവഗണനയോ മൂലം നീതി നിഷേധിക്കപ്പെടുന്ന എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങൾക്ക് പരാതിപ്പെടാനും നീതി ലഭ്യമാക്കുവാനുംവേണ്ട എല്ലാ സേവനങ്ങളും ജില്ലാതല സുതാര്യകേരളം സെല്ലിൽ ലഭ്യമാണ്. |

| | | |
|---|---|---|
| ഡി) | സുതാര്യകേരളം ജില്ലാതല സെല്ലുകളുടെ കാര്യക്ഷമത ഉറപ്പുവരുത്താൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ? | ഡി) ജില്ലാതല സെല്ലുകളിലെ ദൈനംദിന പ്രവർത്തനങ്ങളുടെ ചുമതല ജില്ലാ ഇൻഫർമേഷൻ ഓഫീസർക്കും മേൽനോട്ടചുമതല ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർക്കുമാണ്. പി.ആർ.ഡി. ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറാണ് ജില്ലാതല സെല്ലുകളുടെ സംസ്ഥാന തല നോഡൽ ഓഫീസർ. ജില്ലാതല സെല്ലുകളെ ഏകീകൃത കമ്പ്യൂട്ടർ സംവിധാനത്തിൻകീഴിൽ കൊണ്ടുവരാൻ ജനസമ്പർക്ക പരിപാടിക്കുവേണ്ടി നിർമ്മിച്ച സോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്ത് ഉപയോഗിക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. നടപടികൾ അന്തിമഘട്ടത്തിലാണ്. സർക്കാരിന്റെ 676 ദിന കർമ്മ പരിപാടിയിൽ സുതാര്യകേരളം പരാതിപരിഹാര പദ്ധതി പൂർണ്ണമായും ഈ-ഗവേണൻസ് സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ